**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1716** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കുത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. 2022 ഡിസംബർ മാസത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>2022-23 വർഷത്തെ ബജറ്റിലെ ക്രമനം.219 പ്രകാരം ഉൾപ്പെട്ട ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ മുന്നോടിയായി സ്ഥലം സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഇരുഭാഗത്തുമുള്ള അതിരുകൾ തമ്മിൽ ഏകദേശം 20 മീറ്റർ ഉയരവ്യത്യാസമുണ്ട്. ഇവിടെ നിരപ്പാക്കി ഒരു ഗ്രൗണ്ട് നിശ്ചിത തുകയിൽ പരിമിതപ്പെടുത്തി നിർമ്മിക്കുന്നതിന് വിവിധ സാധ്യതകൾ മാറി മാറി പരിശോധിച്ച് എസ്റ്റിമേറ്റിന്റെ അന്തിമ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചു വരികയാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ജനകീയ ധനസമാഹരണത്തിലൂടെ സ്ഥലം വിലകൊടുത്ത് വാങ്ങി സർക്കാറിന് കൈമാറുകയും 2022-23 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത ചെറുവാഞ്ചേരി സ്റ്റേഡിയ നിർമ്മാണ പുരോഗതി വിശദമാക്കുമോ; | (ബി) | കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സാങ്കേതികാനുമതി നൽകി |

| | | | |
|---|---|---|---|
| | | | **ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. 2022 ഡിസംബർ മാസത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.**<br><br>**2022-23 വർഷത്തെ ബജറ്റിലെ ക്രമനം.219 പ്രകാരം ഉൾപ്പെട്ട ചെറുവാഞ്ചേരി സ്റ്റേഡിയം നിർമ്മാണത്തിന്റെ മുന്നോടിയായി സ്ഥലം സർവ്വേ നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ഇരുഭാഗത്തുമുള്ള അതിരുകൾ തമ്മിൽ ഏകദേശം 20 മീറ്റർ ഉയരവ്യത്യാസമുണ്ട്. ഇവിടെ നിരപ്പാക്കി ഒരു ഗ്രൗണ്ട് നിശ്ചിത തുകയിൽ പരിമിതപ്പെടുത്തി നിർമ്മിക്കുന്നതിന് വിവിധ സാധ്യതകൾ മാറി മാറി പരിശോധിച്ച് എസ്റ്റിമേറ്റിന്റെ അന്തിമ രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചു വരികയാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയ നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (സി) | **കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പഞ്ചായത്തുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് 2022 ഡിസംബറിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ